ഫീസ് നിരക്ക് പഞ്ചായത്തുകളിൽ 12 ശതമാനമായിരുന്നത് ആറ് ശതമാനവും മുനിസിപ്പാലിറ്റികളിൽ പതിനാലര ശതമാനമായിരുന്നത് ഏഴ് ശതമാനവും കോർപ്പറേഷനുകളിൽ പതിനഞ്ചര ശതമാനമായിരുന്നത് എട്ട് ശതമാനവുമായി ഇപ്പോൾ കുറയ്ക്കുകയുണ്ടായി. ഇവിടെ സൂചിപ്പിച്ചതുപോലെ ആർ.ഡി.ഒ. മാർ പ്രസിദ്ധീകരിച്ച 5-1-2004-ൽ പ്രാബല്യത്തിൽ വന്ന ഭൂമിയുടെ ന്യായവില സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണ്.

ശ്രീ. തോമസ് ചാഴികാടൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ 2-12-2003-ൽ ഓർഡിനൻസ് പ്രകാരം, സ്റ്റാമ്പ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം, സ്റ്റാമ്പ് ഡ്യൂട്ടിയുടെ നിരക്ക് കുറച്ചപ്പോൾ വിലയാധാരത്തിന് നേരത്തെയുണ്ടായിരുന്ന 12 ശതമാനത്തിൽ നിന്ന് നിരക്ക് ആറ് ശതമാനമായിട്ട് കുറഞ്ഞു. അതേസമയം ഇഷ്ടദാനം, ഭാഗഉടമ്പടി തുടങ്ങിയ പ്രമാണങ്ങൾക്ക്, കുടുംബ സ്വത്തിൽ കുടുംബാംഗങ്ങൾ ഉണ്ടാക്കുന്ന പ്രമാണങ്ങൾക്ക് നേരത്തെയുണ്ടായിരുന്ന ഏഴ് ശതമാനം ഇപ്പോഴും നിലനിൽക്കുകയാണ്. അതിന് പരിഹാരം ഉണ്ടാക്കാൻ കൂടി ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എഫ്. തോമസ് : തീർച്ചയായിട്ടും ഇത് പ്രധാനപ്പെട്ട കാര്യമാണ്. അക്കാര്യം ഗവൺമെന്റ് പരിശോധിക്കാം.

# III സബ്മിഷൻ

## (1) കുഴൽമന്ദം നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ പ്ലസ് ടു കോഴ്സ്

ശ്രീ. എ. കെ. ബാലൻ: സർ, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കുഴൽമന്ദം നിയോജകമണ്ഡലത്തിൽ മൊത്തം 9 ഹൈസ്കൂളുകളാണുള്ളത്. 3 സ്കൂളുകളിൽ മാത്രമേ പ്ലസ് ടു ഉള്ളൂ. 5 ഗവൺമെന്റ് ഹൈസ്കൂളുകളുണ്ട്. അതിൽ 2 ഗവൺമെന്റ് ഹൈസ്കൂളുകളിലെങ്കിലും പ്ലസ് ടു വേണമെന്ന് ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞതാണ്. തത്വത്തിൽ അത് ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും അംഗീകരിച്ചതാണ്. 2 സ്കൂളുകളിലെങ്കിലും പ്ലസ് ടു അനുവദിക്കണം. മണ്ഡലത്തിൽ പ്രൊഫഷണൽ കോളജില്ല. ജൂനിയർ കേളേജുമില്ല.

മി. സ്പീക്കർ : എല്ലായിടത്തും അങ്ങനെയൊക്കെത്തന്നെയാണ്. എല്ലായിടത്തും എല്ലാം ഇല്ല. എന്റെ നിയോജകമണ്ഡലത്തിലും ഇല്ല.....യെസ്.....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, കുഴൽമന്ദം നിയോജക മണ്ഡലത്തിൽ പ്ലസ് ടു സ്കൂളുകൾ അനുവദിക്കണമെന്ന നിവേദനം കിട്ടിയിട്ടുണ്ട്. കഴിഞ്ഞ തവണ 100 സ്കൂളുകൾ അനുവദിച്ച കൂട്ടത്തിൽപ്പെട്ടതാണ്

LIBRARY ARCHIVES Kerala Legislative Assembly

കുഴൽമന്ദത്തും രണ്ട് സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് തുടങ്ങുന്നതിനുള്ള പ്രപ്പോസൽ. ഇപ്പോൾ ഹൈക്കോടതി സ്റ്റേ ചെയ്തതാണ്. ആ സ്റ്റേ നീക്കി അടിയന്തിരമായി കൊടുക്കാവുന്നതാണ്.

## (2) എരുമേലിയിൽ 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള സ്ഥലമെടുപ്പ്

ശ്രീ. ജോർജ് ജെ. മാത്യു : സർ, എന്റെ നിയോജകമണ്ഡലത്തിൽ എരുമേലി പഞ്ചായത്തിൽ 110 കെ. വി. സബ്സ്റ്റേഷൻ പണിയാനുള്ള നടപടികൾ ആരംഭിച്ചിട്ട് ഏതാണ്ട് ഏഴര വർഷമായി. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലത്ത് ആ സ്ഥലത്ത് സബ്സ്റ്റേഷൻ തുടങ്ങാനുള്ള നടപടികൾ ഏതാണ്ട് പൂർത്തീകരിച്ചതാണ്. എന്നാൽ 60 വർഷം പഴക്കമുള്ള പട്ടയം വേണം എന്നുള്ള ഒരു ഉപാധിവച്ചതുമൂലം സ്ഥലമെടുപ്പു നടന്നില്ല. സ്ഥലം പൊന്നും വിലയ്ക്കെടുക്കാനുള്ള പണം ബോർഡ് മാറ്റിവച്ചിരിക്കുകയാണ്. അത് നൽകി ഉടനടി ആ സ്ഥലം എടുക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, എരുമേലിയിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 800 ലക്ഷം രൂപയുടെ ഭരണാനുമതി 12-6-2000-ൽ വൈദ്യുതി ബോർഡിന് നൽകിയിട്ടുണ്ട്. ഇതിലേക്ക് കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് 1.126 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ 16-6-2003-ൽ സ്ഥലം സന്ദർശിച്ച് വിശദമായ വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. പ്രസ്തുത റിപ്പോർട്ട് പ്രകാരം ജില്ലാ കളക്ടർ അംഗീകരിക്കുന്ന തുക അടച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## (3) വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസിലെ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ടി. കെ. ബാലൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് കഴിഞ്ഞ മൂന്നുമാസമായി ഏകപക്ഷീയമായി മാനേജുമെന്റ് പൂട്ടിയിട്ടിരിക്കുകയാണ്. അഞ്ഞൂറോളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഇന്ന് തെരുവാധാരമായിരിക്കുകയാണ്. ലേബർ വകുപ്പ് തന്നെ മുൻകയ്യെടുത്തു കൊണ്ട് നിരവധി ചർച്ചകൾ നടത്തിയെങ്കിൽപ്പോലും ഇതേവരെ ഒരു തരത്തിലുമുള്ള ഒത്തുതീർപ്പിൽ എത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുത്ത് ഒരു ചർച്ച നടത്തി ഈ പ്രശ്നം പരിഹരിക്കാൻ വേണ്ടിയുള്ള നടപടികൾ കൈക്കൊള്ളണം.



LIBRARY ARCHIVES Kerala Legislative Assembly